**അറിയിപ്പ്**

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, പ്രതിഷേധത്തിന്റെ ഭാഗമായി സഭയിൽ ബാനറും ബോർഡും പ്രദർശിപ്പിക്കുന്നത് ശരിയല്ലായെന്ന ചട്ടം സ്പീക്കറുടെ റൂളിംഗ് ഉദ്ധരിച്ച് ചെയറിൽനിന്ന് പറഞ്ഞതാണ്. സഭ ബഹിഷ്ക്കരിക്കുമ്പോൾ പ്രദർശന വസ്തുക്കളെല്ലാം അതാത് സീറ്റിൽ വച്ചിട്ട് പോകുന്നത് വളരെ അനുചിതമായ നടപടിയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ആരും കയ്യടിക്കണ്ട. ഇത് എല്ലാവരും കഴിഞ്ഞ കുറേ വർഷങ്ങളായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ്. റൂൾസിൽ പറഞ്ഞിരിക്കുന്ന കാര്യമാണെന്ന് അങ്ങ് പറഞ്ഞതിനെ ഞാൻ പൂർണ്ണമായി അംഗീകരിക്കുന്നു. അങ്ങ് പറഞ്ഞതിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഇവരെല്ലാവരും ഇത് പിടിച്ചുകൊണ്ടുനിന്നിട്ടുള്ള ആളുകളാണ്. അവരാണ് ഇപ്പോൾ വലിയ ന്യായംപറയുന്നത്. ഇവിടെ എല്ലാവരും ഇത് ചെയ്തിട്ടുണ്ട്. ഇതിനേക്കാൾ വലിയ അതിക്രമങ്ങൾ കാണിക്കാൻ നേതൃത്വം കൊടുത്ത ആളുകളാണ്.